RAPID ASSESSMENT STUDY




# CASHLESS TRANSACTIONS
## IN RURAL KERALA

## AN YEAR AFTER DEMONITISATION

November 2017

CSES

Centre for Socio-economic and Environmental Studies (CSES)




# പണരഹിത വിനിമയം കേരളത്തിൽ

നോട്ട് അസാധുവാക്കലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിക്കപ്പെട്ട പണരഹിത വിനിമയത്തിലേക്ക് മാറുക എന്നത് കേരളത്തിലെ ഗ്രാമീണ സമൂഹം വേണ്ടത്ര ഏറ്റെടുത്തിട്ടില്ലെന്ന് പഠന റിപ്പോർട്ട്. ഇപ്പോൾ ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്നു എന്ന് പറഞ്ഞവർ 14.6 ശതമാനം മാത്രമാണ്. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ ഒരു തവണയെങ്കിലും പണരഹിത വിനിമയം നടത്തിയത് 9.6 ശതമാനം പേർ മാത്രമാണെന്നും പഠനം കണ്ടെത്തി. രാജ്യത്താദ്യമായി സമ്പൂർണ്ണ സാക്ഷരത നേടുകയും, ഫിനാൻഷ്യലി ഇൻക്ലൂസീവ് ആയി പ്രഖ്യാപിക്കപ്പെടുകയും ചെയ്ത എറണാകുളം ജില്ലയിലെ ഗ്രാമീണ മേഖലയിലാണ് പഠനം നടത്തിയിട്ടുള്ളത്.

കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് & എൻവയോൺമെന്റൽ സ്റ്റഡീസ് (CSES) എറണാകുളം ജില്ലയിലെ വ്യത്യസ്ത സാമൂഹ്യ സാഹചര്യങ്ങളുള്ള അശമന്നൂർ, പള്ളിപ്പുറം, മണീട് എന്നീ മൂന്ന് പഞ്ചായത്തുകളിൽ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തലുള്ളത്. സി.എസ്.ഇ.എസ്.ലെ ഗവേഷകരായ ബിബിൻ തമ്പി, ജയൻ കെ.എം., റംഷാദ് എം., ബെൻ റോയ്സ് ജോസ്, ആഞ്ചൽ നായർ, ദീപിക പി.എസ്., സ്വാതി മോഹനൻ എന്നിവരടങ്ങിയ ടീമാണ് പഠനം നടത്തിയത്. പണരഹിത വിനിമയവുമായി ബന്ധപ്പെട്ട് 2016 ഡിസംബറിൽ നടത്തിയ സർവ്വേയിൽ

പങ്കെടുത്ത 500ൽ 302 പേരിൽ നിന്നുമാണ് 2017 നവംബറിൽ വിവരശേഖരണം നടത്തിയത്. രണ്ട് പഠനത്തിലും പങ്കെടുത്തവരുടെ വിവരങ്ങളാണ് താരതമ്യം ചെയ്തിരിക്കുന്നത്. 2016 ഡിസംബർ വരെ 9.6 ശതമാനം പേർ ജീവിതത്തിലൊരിക്കലെങ്കിലും പണരഹിത വിനിമയം നടത്തിയിരുന്നുവെങ്കിൽ ഇപ്പോൾ അത് 14.6 ശതമാനമാണ്.

FIGURE 1

പണരഹിത വിനിമയം നടത്തിയിട്ടുള്ളവരുടെ ശതമാനം




പണരഹിത വിനിമയത്തിൽ ഉയർന്ന വരുമാനക്കാർ, ഉന്നത വിദ്യാഭ്യാസമുള്ളവർ, മുന്നോക്ക വിഭാഗക്കാർ, ചെറുപ്പക്കാർ എന്നിവർ മുന്നിൽ നിൽക്കുന്നതായി പഠനം സൂചിപ്പിക്കുന്നു. എസ്.സി./എസ്.ടി വിഭാഗക്കാരിൽ വെറും 3.8 ശതമാനം മാത്രമാണ് ഡിജിറ്റൽ പണമിടപാടുകൾ നടത്തിയിട്ടുള്ളത്. മറ്റുള്ളവരുടെ ഇടയിൽ 17 ശതമാനം പണരഹിത വിനിമയം നടത്തിയിട്ടുണ്ട്. എ.പി.എൽ. വിഭാഗക്കാരിൽ 20 ശതമാനം പണരഹിത വിനിമയം നടത്തുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഇത് 4.6 ശതമാനം മാത്രമാണ്. സ്ത്രീകളിൽ ഇത് 10 ശതമാനം മാത്രമാണെങ്കിൽ പുരുഷന്മാരിൽ 19 ശതമാനമാണ്.

FIGURE 2
പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം
(വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളിൽ)




30 വയസ്സിന് താഴെയുള്ളവരിൽ 40 ശതമാനത്തോളം പേർ ഈ സൗകര്യം പ്രയോജനപ്പെടുത്തുമ്പോൾ 60 വയസ്സിന് മേൽ പ്രായമുള്ളവരിൽ ഇത് 3 ശതമാനം മാത്രമാണ്. ചെറുപ്പക്കാരിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 16.7 ശതമാനത്തിന്റെ വർധനവ് രേഖപ്പെടുത്തുമ്പോൾ മുതിർന്ന പൗരന്മാരിൽ 1.5 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം.

FIGURE 3

പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം

(പ്രായത്തിന്റെ അടിസ്ഥാനത്തിൽ)




ബിരുദ, ബിരുദാനന്തര ബിരുദധാരികളിൽ 46 ശതമാനം പേരും, പ്രൊഫഷണൽ വിദ്യാഭ്യാസമുള്ളവരിൽ 54 ശതമാനം പേരും പണരഹിത വിനിമയത്തിൽ പങ്കാളികളാകുമ്പോൾ പത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരിൽ ഇത് 3 ശതമാനം മാത്രമാണ്.

FIGURE 4

പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം

(വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ)



വിദ്യാർത്ഥികൾ (53%), സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിക്കാർ (43%) എന്നീ വിഭാഗങ്ങളിലാണ് കൂടുതൽ പേർ പണരഹിത വിനിമയ സൗകര്യം ഉപയോഗിക്കുന്നത്. സർക്കാർ ജോലിക്കാർ, കർഷകർ, തൊഴിൽ രഹിതർ എന്നിവരിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പണരഹിത വിനിമയം നടത്തുന്നവരുടെ അനുപാതം കുറഞ്ഞതായി കാണുന്നു. വിദ്യാർത്ഥികളിൽ 26 ശതമാനത്തിന്റെയും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 11 ശതമാനത്തിന്റെയും വർധനവ് വന്നിട്ടുണ്ട്.

FIGURE 5
പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം
(തൊഴിലിന്റെ അടിസ്ഥാനത്തിൽ)



ഗ്രാമങ്ങളിൽ പണരഹിത വിനിമയം നടത്തുന്നവർ കൂടുതൽ ആശ്രയിക്കുന്നത് എ.ടി.എം./ഡബിറ്റ് കാർഡുകളെയാണ്. 13 ശതമാനം ഈ സൗകര്യം ഉപയോഗിച്ച് പണരഹിത വിനിമയം നടത്തുന്നു. ക്രെഡിറ്റ് കാർഡ് (3.3%), ഇന്റർനെറ്റ് ബാങ്കിംഗ് (4.3%) മൊബൈൽ ബാങ്കിംഗ് (4%) ഇ–വാലറ്റുകൾ (3.6%) എന്നിങ്ങനെയാണ് മറ്റ് സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന്റെ അനുപാതം.

FIGURE 6
പണ വിനിമയത്തിനുള്ള വിവിധ സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ ശതമാനം




2017ൽ 7.6 ശതമാനം ആളുകൾ പുതിയതായി പണരഹിത വിനിമയം ആരംഭിച്ചപ്പോൾ 2016 ൽ പണരഹിത വിനിമയം നടത്തിയിരുന്നവരിൽ 2.6 ശതമാനം പേർ ഈ രീതി ഉപേക്ഷിച്ചു.

ഗ്രാമങ്ങളിൽ പണരഹിത വിനിമയം നടത്താനുള്ള സൗകര്യം ഇല്ലാത്തത് ഒരു അസൗകര്യമായി ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. അതേ സമയം സുരക്ഷാ പ്രശ്നവും, ഭയവും ചിലർ ഉന്നയിക്കുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ മോശം ഇന്റർനെറ്റ് ലഭ്യതയും പ്രശ്നമായി ഉന്നയിക്കപ്പെടുന്നു. നൂതന വിനിമയ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പ്രശ്നമായി ആളുകൾ പറയുന്നു. ബാങ്കിൽ ഇടാൻ മാത്രം പണം കയ്യിൽ ലഭിക്കാറില്ല എന്ന് ദിവസ വേതനക്കാർ അഭിപ്രായപ്പെടുന്നു.

CSES

Centre for Socio-economic & Environmental Studies
Khadi Federation Building, NH By-Pass, Padivattom,
Kochi - 682024, Kerala, India, Tel: 91 484 2805107, 2805108
Email: csesindia@gmail.com, www.csesindia.




# പണരഹിത വിനിമയം കേരളത്തിൽ

നോട്ട് അസാധുവാക്കലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിക്കപ്പെട്ട പണരഹിത വിനിമയത്തിലേക്ക് മാറുക എന്നത് കേരളത്തിലെ ഗ്രാമീണ സമൂഹം വേണ്ടത്ര ഏറ്റെടുത്തിട്ടില്ലെന്ന് പഠന റിപ്പോർട്ട്. ഇപ്പോൾ ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്നു എന്ന് പറഞ്ഞവർ 14.6 ശതമാനം മാത്രമാണ്. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ ഒരു തവണയെങ്കിലും പണരഹിത വിനിമയം നടത്തിയത് 9.6 ശതമാനം പേർ മാത്രമാണെന്നും പഠനം കണ്ടെത്തി. രാജ്യത്താദ്യമായി സമ്പൂർണ്ണ സാക്ഷരത നേടുകയും, ഫിനാൻഷ്യലി ഇൻക്ലൂസീവ് ആയി പ്രഖ്യാപിക്കപ്പെടുകയും ചെയ്ത എറണാകുളം ജില്ലയിലെ ഗ്രാമീണ മേഖലയിലാണ് പഠനം നടത്തിയിട്ടുള്ളത്.

കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് & എൻവയോൺമെന്റൽ സ്റ്റഡീസ് (CSES) എറണാകുളം ജില്ലയിലെ വ്യത്യസ്ത സാമൂഹ്യ സാഹചര്യങ്ങളുള്ള അശമന്നൂർ, പള്ളിപ്പുറം, മണീട് എന്നീ മൂന്ന് പഞ്ചായത്തുകളിൽ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തലുള്ളത്. സി.എസ്.ഇ.എസ്.ലെ ഗവേഷകരായ ബിബിൻ തമ്പി, ജയൻ കെ.എം., റംഷാദ് എം., ബെൻ റോയ്സ് ജോസ്, ആഞ്ചൽ നായർ, ദീപിക പി.എസ്., സ്വാതി മോഹനൻ എന്നിവരടങ്ങിയ ടീമാണ് പഠനം നടത്തിയത്. പണരഹിത വിനിമയവുമായി ബന്ധപ്പെട്ട് 2016 ഡിസംബറിൽ നടത്തിയ സർവ്വേയിൽ

പങ്കെടുത്ത 500ൽ 302 പേരിൽ നിന്നുമാണ് 2017 നവംബറിൽ വിവരശേഖരണം നടത്തിയത്. രണ്ട് പഠനത്തിലും പങ്കെടുത്തവരുടെ വിവരങ്ങളാണ് താരതമ്യം ചെയ്തിരിക്കുന്നത്. 2016 ഡിസംബർ വരെ 9.6 ശതമാനം പേർ ജീവിതത്തിലൊരിക്കലെങ്കിലും പണരഹിത വിനിമയം നടത്തിയിരുന്നുവെങ്കിൽ ഇപ്പോൾ അത് 14.6 ശതമാനമാണ്.

FIGURE 1
പണരഹിത വിനിമയം നടത്തിയിട്ടുള്ളവരുടെ ശതമാനം




പണരഹിത വിനിമയത്തിൽ ഉയർന്ന വരുമാനക്കാർ, ഉന്നത വിദ്യാഭ്യാസമുള്ളവർ, മുന്നോക്ക വിഭാഗക്കാർ, ചെറുപ്പക്കാർ എന്നിവർ മുന്നിൽ നിൽക്കുന്നതായി പഠനം സൂചിപ്പിക്കുന്നു. എസ്.സി./എസ്.ടി വിഭാഗക്കാരിൽ വെറും 3.8 ശതമാനം മാത്രമാണ് ഡിജിറ്റൽ പണമിടപാടുകൾ നടത്തിയിട്ടുള്ളത്. മറ്റുള്ളവരുടെ ഇടയിൽ 17 ശതമാനം പണരഹിത വിനിമയം നടത്തിയിട്ടുണ്ട്. എ.പി.എൽ. വിഭാഗക്കാരിൽ 20 ശതമാനം പണരഹിത വിനിമയം നടത്തുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഇത് 4.6 ശതമാനം മാത്രമാണ്. സ്ത്രീകളിൽ ഇത് 10 ശതമാനം മാത്രമാണെങ്കിൽ പുരുഷന്മാരിൽ 19 ശതമാനമാണ്.

FIGURE 2

പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം

(വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളിൽ)




30 വയസ്സിന് താഴെയുള്ളവരിൽ 40 ശതമാനത്തോളം പേർ ഈ സൗകര്യം പ്രയോജനപ്പെടുത്തുമ്പോൾ 60 വയസ്സിന് മേൽ പ്രായമുള്ളവരിൽ ഇത് 3 ശതമാനം മാത്രമാണ്. ചെറുപ്പക്കാരിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 16.7 ശതമാനത്തിന്റെ വർധനവ് ഖേപ്പെടുത്തുമ്പോൾ മുതിർന്ന പൗരന്മാരിൽ 1.5 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം.

FIGURE 3

പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം
(പ്രായത്തിന്റെ അടിസ്ഥാനത്തിൽ)




ബിരുദ, ബിരുദാനന്തര ബിരുദധാരികളിൽ 46 ശതമാനം പേരും, പ്രൊഫഷണൽ വിദ്യാഭ്യാസമുള്ളവരിൽ 54 ശതമാനം പേരും പണരഹിത വിനിമയത്തിൽ പങ്കാളികളാകുമ്പോൾ പത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരിൽ ഇത് 3 ശതമാനം മാത്രമാണ്.

FIGURE 4

പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം
(വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ)



വിദ്യാർത്ഥികൾ (53%), സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിക്കാർ (43%) എന്നീ വിഭാഗങ്ങളിലാണ് കൂടുതൽ പേർ പണരഹിത വിനിമയ സൗകര്യം ഉപയോഗിക്കുന്നത്. സർക്കാർ ജോലിക്കാർ, കർഷകർ, തൊഴിൽ രഹിതർ എന്നിവരിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പണരഹിത വിനിമയം നടത്തുന്നവരുടെ അനുപാതം കുറഞ്ഞതായി കാണുന്നു. വിദ്യാർത്ഥികളിൽ 26 ശതമാനത്തിന്റെയും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 11 ശതമാനത്തിന്റെയും വർധനവ് വന്നിട്ടുണ്ട്.

FIGURE 5
പണരഹിത വിനിമയം നടത്തുന്നവരുടെ ശതമാനം
(തൊഴിലിന്റെ അടിസ്ഥാനത്തിൽ)



ഗ്രാമങ്ങളിൽ പണരഹിത വിനിമയം നടത്തുന്നവർ കൂടുതൽ ആശ്രയിക്കുന്നത് എ.ടി.എം./ഡബിറ്റ് കാർഡുകളെയാണ്. 13 ശതമാനം ഈ സൗകര്യം ഉപയോഗിച്ച് പണരഹിത വിനിമയം നടത്തുന്നു. ക്രെഡിറ്റ് കാർഡ് (3.3%), ഇന്റർനെറ്റ് ബാങ്കിംഗ് (4.3%) മൊബൈൽ ബാങ്കിംഗ് (4%) ഇ–വാലറ്റുകൾ (3.6%) എന്നിങ്ങനെയാണ് മറ്റ് സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന്റെ അനുപാതം.

FIGURE 6
പണ വിനിമയത്തിനുള്ള വിവിധ സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ ശതമാനം




2017ൽ 7.6 ശതമാനം ആളുകൾ പുതിയതായി പണരഹിത വിനിമയം ആരംഭിച്ചപ്പോൾ 2016 ൽ പണരഹിത വിനിമയം നടത്തിയിരുന്നവരിൽ 2.6 ശതമാനം പേർ ഈ രീതി ഉപേക്ഷിച്ചു.

ഗ്രാമങ്ങളിൽ പണരഹിത വിനിമയം നടത്താനുള്ള സൗകര്യം ഇല്ലാത്തത് ഒരു അസൗകര്യമായി ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. അതേ സമയം സുരക്ഷാ പ്രശ്നവും, ഭയവും ചിലർ ഉന്നയിക്കുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ മോശം ഇന്റർനെറ്റ് ലഭ്യതയും പ്രശ്നമായി ഉന്നയിക്കപ്പെടുന്നു. നൂതന വിനിമയ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പ്രശ്നമായി ആളുകൾ പറയുന്നു. ബാങ്കിൽ ഇടാൻ മാത്രം പണം കയ്യിൽ ലഭിക്കാറില്ല എന്ന് ദിവസ വേതനക്കാർ അഭിപ്രായപ്പെടുന്നു.

CSES

Centre for Socio-economic & Environmental Studies
Khadi Federation Building, NH By-Pass, Padivattom,
Kochi - 682024, Kerala, India, Tel: 91 484 2805107, 2805108
Email: csesindia@gmail.com, www.csesindia.